LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ–നിയമനത്തിനായുള്ള പി.എസ്.സി. പരീക്ഷ

85 [2573] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ/അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണ്; എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) പരീക്ഷ എന്ന് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഇതിന്റെ സിലബസ് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ മറ്റുള്ള തൊഴിലാളിക്ഷേമനിധി ബോർഡുകളിലേക്കും തത്തുല്യ തസ്തികകളിലേക്കായുള്ള നിയമനത്തിനുകൂടി ഉപകരിക്കുമാറ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 30-9-2003-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ചു. 7 ഒഴിവുകൾക്കുവേണ്ടിയാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

(ബി) 7749 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) പരീക്ഷാ തീയതി നിശ്ചയിച്ചിട്ടില്ല.

(ഡി) എഴുത്തു പരീക്ഷയുടെ സിലബസ് പരീക്ഷാ തീയതിയോടൊപ്പം പ്രഖ്യാപിക്കുന്നതാണ്.

(ഇ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തികയ്ക്ക് മാത്രമായാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്.

ടൂറിസം ഡിപ്പാർട്ടുമെന്റിലെ ഷോഫർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തുന്ന നടപടി

86 [2574] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ടൂറിസം ഡിപ്പാർട്ടുമെന്റിൽ പി.എസ്.സി. നടത്തിയ ഷോഫർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ പ്രായോഗിക പരീക്ഷ കഴിഞ്ഞ് 8 മാസങ്ങൾ ആയിട്ടും ഇന്റർവ്യൂ തീയതി പ്രഖ്യാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രായോഗിക പരീക്ഷ പാസ്സായവർ ഈ ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ തസ്തികയുടെ ഇന്റർവ്യൂ നടത്തുന്നതിനുള്ള തീയതി എന്നത്തേക്ക് നിശ്ചയിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തസ്തികയുടെ റാങ്ക്‌ലിസ്റ്റ് എന്നു പ്രസിദ്ധീകരിച്ച് നിയമനം നടത്തുമെന്ന് അറിയിക്കുമോ;

(ഇ) ഇപ്പോൾ നിലവിൽ എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ട്;

(എഫ്) ഷോഫർ തസ്തികയിൽ ഒഴിവിൽ എത്ര താൽക്കാലിക നിയമനം നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) 27 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്.

(എഫ്) വകുപ്പിലെ ഷോഫർ തസ്തികയിൽ 24-5-2003 മുതൽ 19-11-2003 വരെ 9 പേർക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

87 [2576] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി ഇനിയും നിയമനം നടത്തിയിട്ടില്ലാത്ത എത്ര എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് അടിയന്തിരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

88 [2577] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പി.എസ്.സി. വിവിധ വകുപ്പുകൾക്കുവേണ്ടി തയ്യാറാക്കിയ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഈ ലിസ്റ്റ് നിലവിൽ വന്നത് എന്നു മുതലാണെന്നും എത്രപേർക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നൽകിയെന്നും വിശദമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly